"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - കോഴിക്കോട് കാളാണ്ടി താഴം മനത്താനത്ത് സ്കൂളിന് സമീപത്തുള്ള അമ്മാസ് ഹോട്ടലിന്റെ മാലിന്യ ടാങ്ക് വൃത്തിയാക്കുന്നതിനിടെ മരണപ്പെട്ട റീനീഷിന്റെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അഞ്ചു ലക്ഷം രൂപ ധനസഹായം അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (ഡി.ആർ.എഫ്.) വകുപ്പ്

സ.ഉ.(കൈ) നം.21/2025/RD    തീയതി,തിരുവനന്തപുരം, 24-01-2025

---

പരാമർശം:- കോഴിക്കോട് ജില്ലാ കളക്ടറുടെ 16.10.2024, 31.12.2024എന്നീ തീയതികളിലെ DCKKD/9893/2024-D1 നംപർ കത്തുകൾ

**<u>ഉത്തരവ്</u>**

കോഴിക്കോട്, കാളാണ്ടിതാഴം മനത്താനത്ത് സ്കൂളിന് സമീപത്തുള്ള അമ്മാസ് ഹോട്ടലിന്റെ മാലിന്യടാങ്ക് വൃത്തിയാക്കുന്നതിനിടെ മരണപ്പെട്ട റീനീഷിന്റെ കുടുംബത്തിന് ഭാര്യ ശ്രീമതി ശരണ്യ (പുനൂർപൊയിൽ വീട്, അവിടനല്ലൂർ, കൊയിലാണ്ടി, കോഴിക്കോട്) നൽകിയ അപേക്ഷ പരിഗണിച്ചു മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അഞ്ചു ലക്ഷം രൂപ ധനസഹായം അനുവദിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

വിതരണത്തിന് ആവശ്യമായ വരുന്ന 5,00,000/- രൂപ (അഞ്ചു ലക്ഷം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള TP 80 അക്കൗണ്ടിൽ നിന്നും കോഴിക്കോട് ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും, ജില്ലാ കളക്ടർ ടി തുക താമസംവിനാ വിതരണം നടത്തി വിവരം സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

ജില്ലാ കളക്ടർ, കോഴിക്കോട്.
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി).
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.-യ്ക്ക്.
പൊതുഭരണ (എസ്.സി.) വകുപ്പ് - 22.01.2025 തീയതിയിലെ ഇനം നം.2636)

ധനകാര്യ (ഫണ്ട്സ്) വകുപ്പ്
തദ്ദേശസ്വയംഭരണ വകുപ്പ്
മുഖ്യമന്ത്രിയുടെ കമ്പ്യൂട്ടർ സെൽ (അറിവിലേയ്ക്കായി)
റവന്യൂ (ഡി.ആർ.എഫ്. - ബി/സി) വകുപ്പുകൾ
പൊതുഭരണ (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signed by
V D Omana
Date: 25-01-2025 10:29:54
സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 22-01-2025

ഫയൽ നം. ഡി.ആർ.എഫ്.-എ2/90/2024/റവ. ഇനം നം: 2636

വിഷയം : റവന്യൂ വകുപ്പ് - കോഴിക്കോട് ഇരിങ്ങാടൻപള്ളി കാളാണ്ടി താഴം മനത്താനത്ത് സ്കൂളിന് സമീപത്തുള്ള അമ്മാസ് ഹോട്ടലിന്റെ മാലിന്യ ടാങ്ക് വൃത്തിയാക്കുന്നതിനിടെ മരണപ്പെട്ട റിനീഷിന്റെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നതിന് ടിയാളുടെ ഭാര്യ ശ്രീമതി. ശരണ്യയുടെ അപേക്ഷ.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു. അഞ്ചു ലക്ഷം രൂപ അനുവദിക്കുവാൻ തീരുമാനിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

AS (DRF)

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്.

23/01

DS
PL
24/1
10.30am.

2636

**കേരള സർക്കാർ**

**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**

**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | REV -DRF -A2 /90 /2024 -റവ. |
| 2 | വകുപ്പ് | : | റവന്യൂ (ഡിആർഎഫ്-എ) വകുപ്പ് |
| 3 | വിഷയം | : | കോഴിക്കോട് ഇരിങ്ങാടൻപള്ളി കാളാണ്ടി താ മനത്താനത്ത് സ്കൂളിന് സമീപത്തുള്ള അമ്മാ ഹോട്ടലിന്റെ മാലിന്യ ടാങ്ക് വൃത്തിയാക്കുന്നതിനി മരണപ്പെട്ട റിനീഷിന്റെ കുടുംബത്തിന് മുഖ്യമന്ത്രിയു ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായ അനുവദിക്കുന്നതിന് ടിയാളുടെ ഭാര്യ ശ്രീമതി ശരണ്യയു അപേക്ഷ – സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 24 /10 /2024 |
| 5 | (i) ഇത് സാമ്പത്തിക ബാധ്യത ഉള്ളതാണോ | : | അതെ |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാ ണെങ്കിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഇല്ല |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചി ട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | അതെ |
| 7 | കുറിപ്പ് സമർപ്പിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി ജയശ്രീ റ്റി.കെ. |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി ടിങ്കു ബിസ്വാൾ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 04.01.2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി ശാരദ മുരളീധരൻ |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | | 14.01.2025 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. കെ.രാജൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 15.01.2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 17.01.2025 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പറും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

കോഴിക്കോട് ഇരിങ്ങാടൻപള്ളി കാളാണ്ടിതാഴം മനത്താനത്ത് സ്കൂളിന് സമീപത്തുള്ള അമ്മാസ് ഹോട്ടലിന്റെ മാലിന്യ ടാങ്ക് വൃത്തിയാക്കുന്നതിനിടെ 31.05.2024 -ന് വിഷവാതകം ശ്വസിച്ച് മരണപ്പെട്ട റിനീഷിന്റെ ഭാര്യ ശ്രീമതി പി.പി. ശരണ്യ, പൂന്നൂർപൊയിൽ വീട്, അവിടനെല്ലൂർ, കൊയിലാണ്ടി, കോഴിക്കോട് എന്നയാൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നത് സംബന്ധിച്ചതാണ് ഈ കുറിപ്പിലെ വിഷയം.

2.ശ്രീമതി ശരണ്യ, പൂന്നൂർപൊയിൽ വീട്, അവിടനെല്ലൂർ, കൊയിലാണ്ടി, കോഴിക്കോട് തന്റെ ഭർത്താവായ റിനീഷ് 31.05.2024 -ന് കോഴിക്കോട് ഇരിങ്ങാടൻപള്ളി കാളാണ്ടി താഴം മനത്താനത്ത് സ്കൂളിന് സമീപത്തുള്ള അമ്മാസ് ഹോട്ടലിന്റെ മാലിന്യ ടാങ്ക് വൃത്തിയാക്കുന്നതിനിടെ വിഷവാതകം ശ്വസിച്ച് ശ്വാസ തടസ്സം നേരിട്ട് മരണപ്പെട്ടതിനാൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും സാമ്പത്തിക സഹായം അനുവദിക്കുന്നതിന് CMDRF പോർട്ടൽ വഴി അപേക്ഷ സമർപ്പിച്ചിരുന്നു. മരണപ്പെട്ട റിനീഷിന്റെ കുടുംബം മുൻപ് നടുവണ്ണൂർ വില്ലേജിലാണ് താമസിച്ചിരുന്നത്, ആ വില്ലേജിന്റെ പരിധിയിൽ സ്വന്തമായി ഭൂമിയോ വീടോ ഇല്ല എന്നും നിലവിൽ താമസിക്കുന്ന അവിടനെല്ലൂർ വില്ലേജിലും സ്വന്തമായി ഭൂമിയോ വീടോ ഇല്ല എന്നും, ടിയാന് ഭാര്യയും എട്ട് വയസ്സ്, നാല് ദിവസം എന്നിങ്ങനെ പ്രായമുള്ള രണ്ട് പെൺകുഞ്ഞുങ്ങളാണുള്ളതെന്നും, ടിയാന്റെ ഭാര്യ ശരണ്യയ്ക്ക് ജോലിയൊന്നുമില്ലെന്നും, നിലവിൽ വാടക വീട്ടിൽ താമസിക്കുന്ന കുടുംബത്തിന് സ്ഥിരമായി വരുമാന മാർഗങ്ങളൊന്നുമില്ലെന്നും കോഴിക്കോട് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3.മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിനായി പോർട്ടൽ മുഖേന ശ്രീമതി ശരണ്യ സമർപ്പിച്ച അപേക്ഷ ഡോക്കറ്റ് നം.240802219 ബഹുമാനപ്പെട്ട മുഖ്യമന്ത്രിയ്ക്ക് ചംക്രമണം ചെയ്തപ്പോൾ മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുവാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

4)ഇതിൻ പ്രകാരം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ് സമർപ്പിച്ചപ്പോൾ ചീഫ് സെക്രട്ടറി ചുവടെ പറയും പ്രകാരം ഉത്തരവായി:-

'SS LSGD may confirm compensation amt as per MS Act 2013.'

5) ചീഫ് സെക്രട്ടറിയുടെ ഉത്തരവിൻ പ്രകാരം ഫയൽ തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയ്ക്ക് കൈമാറുകയും, തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ചുവടെ കൊടുത്തിട്ടുള്ള അഭിപ്രായം രേഖപ്പെടുത്തി ഫയൽ മടക്കി നൽകിയിട്ടുണ്ട്.

"Following documents were perused

a) Report on Shuchitwa mission on the cause of death

b) NHRC advisory

c)Hon. SC judgement in Balram Singh vs Union & others

d) GO(Rt)No 1094/2024/LSGD dtd 20.6.2024

A combined reading of there reveal the following

The death of Mr Rineesh occurred during the attempt to clean the waste tank of a hotel which was primarily used for depositing bio waste & certain other categories of waste. The judgement & advisories deal with MS & hazardous cleaning of sewer & septic tank,which is not exactly the case here.While the definition of Hazardous cleaning does not cover the instant case, the hazardous nature has been brought out through the way the death happened instantly.

The judgement places responsibility on the state by assuring that sewer lines are managed primarily by the state.The advisory has further clarified this in clause

4(ii) Local authority & contractor/employer are to be held accountable

4(iii) Responsibility to ensure safety will primarily remain with the local authority

4(iv) State Government /local authority should be fully responsible for ensuring that one time compensation are paid.

Hence the responsibility may be fixed as follows

Employer -Local authority-State

This case needs further examination to ascertain whether this needs to be brought under 'Hazardous Cleaning', but we may do the following

1) Pay possible compensation from CMDRF now

2) Proceed with coercive steps towards the release of Rs.30 lakhs by the Employer, ie hotel in this case

3) Examine further on how the accountability will be jointly applied on local authority & also on the legal aspects of bringing such cases under the definitions of hazardous cleaning."

6)ഫയൽ ചീഫ് സെക്രട്ടറിക്ക് നല്കുകയും, ഇതിന്മേൽ ചീഫ് സെക്രട്ടറി ചുവടെ കൊടുത്തിട്ടുള്ള ഉത്തരവ് നൽകിയിട്ടുണ്ട്:-

"The above may be incoporated into the body of the draft Cabinet note"

**തീരുമാനിക്കേണ്ട വിഷയം**

കോഴിക്കോട് ഇരിങ്ങാടൻപള്ളി കാളാണ്ടി താഴം മനത്താനത്ത് സ്കൂളിന് സമീപത്തുള്ള അമ്മാസ് ഹോട്ടലിന്റെ മാലിന്യ ടാങ്ക് വൃത്തിയാക്കുന്നതിനിടെ 31.05.2024 -ന് വിഷവാതകം ശ്വസിച്ച്, മരണപ്പെട്ട റിനീഷിന്റെ കുടുംബത്തിന് വേണ്ടി ടിയാളുടെ ഭാര്യ ശ്രീമതി പി.പി. ശരണ്യയ്ക്ക് (പൂന്തൂർപൊയിൽ വീട്, അവിടനെല്ലൂർ, കൊയിലാണ്ടി, കോഴിക്കോട്) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കാമോ, എങ്കിൽ എത്ര തുക ധനസഹായം അനുവദിക്കാം?